പോലീസുകാർ കുറ്റവാളികളായിട്ടുള്ള സംഭവങ്ങൾ

90 (90) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ കുറ്റവാളികളായിട്ടുള്ള എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇവയിൽ മോഷണം, കബളിപ്പിക്കൽ, ബലാൽസംഗം, പിടിച്ചുപറി, ദേഹോപദ്രവം, എന്നിവയുൾകൊള്ളുന്ന എത്ര കേസ്സുകളുണ്ട് ;

(സി) പോലീസുകാർ കുറ്റവാളികളായ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാറുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 653 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി)

മോഷണം	18
കബളിപ്പിക്കൽ	43
ബലാൽസംഗം	6
പിടിച്ചുപറി	12
ദേഹോപദ്രവം	345

(സി) നിയമനടപടികളും വകുപ്പിലെ ശിക്ഷണ നടപടികളും സ്വീകരിക്കാറുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

91 (91) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം സ്ത്രീകൾക്കു നേരെയുള്ള കുറ്റകൃത്യം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) സ്ത്രീകൾക്ക് നേരെയുള്ള കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ട് വരുവാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; അതിന്റെ ഫലമായി സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) ചില ജില്ലകളിൽ ഇതു സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ നേരിയ വർദ്ധനവ് കാണുന്നുണ്ട്.

(ബി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ നിയന്ത്രിക്കുന്നതിന് പോലീസ് ഹെഡ്ക്വോർട്ടേഴ്സിൽ പോലീസ് ഡയറക്ടർ ജനറലിന്റെ കീഴിലും ജില്ലകൾതോറും ജില്ലാപോലീസ് സൂപ്രണ്ട്/പോലീസ് കമ്മീഷണറുടെ കീഴിലും വനിതാസെല്ലുകൾ രൂപീകരിച്ച് സ്ത്രീകളുടെ പരാതികൾ പ്രത്യേകമായി അന്വേഷിച്ചു വരുന്നു. വനിതാ സെല്ലുകളുടെ പ്രവർത്തനം കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly